**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

# വിജ്ഞാപനം

# KEAM-2022

## എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് ഓപ്ഷൻ കൺഫർമേഷനുള്ള അവസരം

കേരളത്തിലെ സർക്കാർ കോളേജുകളിലെയും സ്വാശ്രയ കോളേജുകളിലെയും 2022 വർഷത്തെ എം .ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള സംസ്ഥാന ക്വാട്ടാ സീറ്റുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **10.11.2022** ന് ആരംഭിക്കുന്നതാണ്. മെഡിക്കൽ കൗൺസിലിംഗ് കമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം രണ്ടാംഘട്ട അഖിലേന്ത്യാ കൗൺസലിങ്ങിലൂടെ എം .ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളെ ഈ ഘട്ടത്തിലും തുടർന്നുള്ള ഘട്ടങ്ങളിലും സംസ്ഥാന ക്വാട്ട സീറ്റുകളിലേക്ക് അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല . മലബാർ മെഡിക്കൽ കോളേജിൽ എം.ബി.ബിഎസ് കോഴ്സിന് അധികമായി അനുവദിക്കപ്പെട്ട 50 സീറ്റുകളിലേക്കും ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തുന്നതാണ്.

### ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ രണ്ടാം ഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 'Confirm' ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ കൺഫർ മേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുനഃക്രമീകരണം/ ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുള്ള സൗകര്യം **10.11.2022 മുതൽ 15.11.2022 രാവിലെ 10.00 മണി** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ 'www.cee.kerala.gov.in' എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. ഒന്നാം ഘട്ടത്തിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചവരും, ഓപ്ഷൻ നൽകിയിട്ടും അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ എം.ബി.ബി.എസ്/ ബി.ഡി.എസ് വിഭാഗങ്ങളിലുള്ള

ഹയർ ഓപ്ഷനുകൾ റദ്ദാകുമെന്നതിനാൽ ഭാവിയിലുള്ള ഓൺലൈൻ അലോട്ട് മെന്റുകളിലും പരിഗണിക്കുന്നതല്ല. എന്നാൽ രണ്ടാം ഘട്ടത്തിലേക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തിയില്ലെങ്കിലും ഒന്നാം ഘട്ട അലോട്ട്മെന്റിലൂടെ അഡ്മിഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ അത് നിലനിൽക്കുന്നതാ യിരിക്കും.

**15.11.2022** രാവിലെ 10.00 മണി വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് **19.11.2022** ന് പ്രസിദ്ധീകരിക്കുന്നതാണ്. (അഖിലേന്ത്യാ രണ്ടാം റൗണ്ട് പ്രവേശന നടപടികൾ പൂർത്തീകരീക്കുന്നതിന് അനുസരിച്ച് അലോട്ട്മെന്റ് തീയതിയിൽ മാറ്റം വരാവുന്നതാണ്.) അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കിയ ശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. പ്രവേശന ഷെഡ്യൂൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**<u>അലോട്ട്മെന്റ് ഷെഡ്യൂൾ</u>**

| | |
|---|---|
| **10.11.2022** | എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഓപ്ഷൻ പുനഃക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും വെബ് സൈറ്റ് സജ്ജമാകുന്നു. |
| **15.11.2022 രാവിലെ 10.00 മണി വരെ** | ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **19.11.2022** | രണ്ടാം ഘട്ട അലോട്ട്മെന്റ് (താത്ക്കാലികം) പ്രസിദ്ധീകരണം |

**<u>ടോക്കൺ ഫീസ്</u>**

- എം.ബി.ബി.എസ് കോഴ്സിന് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 1 ലക്ഷം രൂപയും, എൻ.ആർ.ഐ ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 5 ലക്ഷം രൂപയും, ബി.ഡി.എസ് കോഴ്സിന് സ്വാശ്രയ ദന്തൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടയിൽ ഉൾപ്പെടെ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 1 ലക്ഷം രൂപയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് ഗവണ്മെന്റ് മെഡിക്കൽ/ദന്തൽ

കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്നവർ മുഴുവൻ ഫീസ് തുകയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.

- അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി, 20.06.2005 തീയതിയിലെ G.O.(Ms)No.25/2005/SCSTDD, 23.05.2014 തീയതിയിലെ G.O.(Ms)No.10/2014/BCDD എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും 1000/- രൂപ ടോക്കൺഫീസായി അടയ്ക്കേണ്ടതാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികൾ മെഡിക്കൽ/ദന്തൽ സ്വാശ്രയ കോളേജുകളിലെ മൈനോറിറ്റി/എൻ.ആർ.ഐ സീറ്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ഒന്നാം ഖണ്ഡികയിൽ പറയുന്ന പ്രകാരമുള്ള ടോക്കൺ ഫീസ് അടയ്ക്കേണ്ടതും ഫീസിളവിന് അർഹരല്ലാതാകുന്നതുമാണ്.

**<u>കുറിപ്പ്</u>**

1. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
2. അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ 16.09.2022 തീയതിയിലെ No.ASC/100/22/MBBS/NRI പ്രകാരമുള്ള മാർഗ്ഗനിർദ്ദേശമനുസരിച്ച് സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എം .ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലെ എൻ.ആർ.ഐ ക്വാട്ടയിൽ ആദ്യ ഘട്ട അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളും താത്ക്കാലിക എൻ.ആർ.ഐ കാറ്റഗറി അനുവദിച്ചിട്ടുള്ള വിദ്യാർത്ഥികളും 15.11.2022 രാവിലെ 10.00 മണിക്ക് മുമ്പായി എംബസി/കോൺസുലേറ്റ് സാക്ഷ്യപ്പെടുത്തിയ കാലാവധി യുള്ള വിസ ഓൺലൈനായി അപ്‌ലോഡ് ചെയ്ത് ന്യൂനത പരിഹരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം വിസ കാലാവധി സംബന്ധിച്ച ന്യൂനത പരിഹരിക്കാത്ത വിദ്യാർത്ഥികളുടെ എൻ.ആർ.ഐ കാറ്റഗറിയും എൻ.ആർ.ഐ ക്വാട്ടയിൽ ലഭിച്ച അഡ്മിഷനും റദ്ദാകുന്നതാണ്. ഇത്തരം വിദ്യാർത്ഥികളെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ തുടർന്നുള്ള അലോട്ട്മെന്റിൽ എൻ.ആർ.ഐ ക്വാട്ടയിൽ പ്രവേശനത്തിനായി പരിഗണിക്കുന്നതല്ല.

രണ്ടാം ഘട്ട അലോട്ട്മെന്റിന് ശേഷം എം .ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിൽ ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം അത് മോപ് അപ് /സ്ട്രേ വേക്കൻസി അലോട്ട്മെന്റിലൂടെ നികത്തുന്നതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി

ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.11.10 17:17:47 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**10/11/2022**